# തൊഴിലുറപ്പ് പദ്ധതി
# കേന്ദ്രനിലപാടുകളും
# കേരളത്തിലെ സാധ്യതകളും

എൻ ജഗജീവൻ

| | |
|---|---|
| മലയാളം | malayalam |
| തൊഴിലുറപ്പ് പദ്ധതി | thozhilurappu padhathi |
| കേന്ദ്രനിലപാടുകളും | kendra nilapadukalum |
| കേരളത്തിലെ സാദ്ധ്യതകളും | keralathile sadhyathakalum |
| എൻ ജഗജീവൻ | n jagajeevan |
| ഒന്നാം പതിപ്പ്: | first edition: |
| ജനുവരി 2023 | january 2023 |
| പ്രസാധനം, വിതരണം: | published & distributed by |
| കേരള ശാസ്ത്രസാഹിത്യ പരിഷത്ത് | kerala sasthrasahithya parishath |
| തൃശ്ശൂർ–680 004 | thrissur–680 004 |
| ഇ മെയിൽ: | e mail: |
| publicationkssp@gmail.com | publicationkssp@gmail.com |
| അച്ചടി: | printed at: |
| തെരേസ്സ ഓഫ്സെറ്റ് പ്രിന്റേഴ്സ് | theressa offset printers |
| അങ്കമാലി | angamali |

₹ 20.00

KSSP 2795 IE jan 2023 D1/8 1K 2000 LL 7/23

# പ്രസാധകക്കുറിപ്പ്

ഇന്നത്തെ ലോകത്തും ഇന്ത്യയിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന നാനാതരം പ്രതിസന്ധികൾക്കിടയിൽ മാനവരാശിക്ക് പ്രതീക്ഷ നൽകുന്ന പ്രദേശങ്ങളിലൊന്നാണ് കേരളം. പതിറ്റാണ്ടുകളിലൂടെ നേടിയ അഭിമാനകരമായ ഈ നേട്ടം നിലനിർത്താനും, കൂടുതൽ മെച്ചപ്പെട്ടൊരു കേരളം രൂപപ്പെടുത്താനും നമുക്ക് കഴിയണം. കാലഘട്ടം ആവശ്യപ്പെടുന്ന ഈ ദൗത്യം വിജയിക്കണമെങ്കിൽ നിലവിലുള്ള സാർവദേശീയ ദേശീയപ്രതിസന്ധികളെപ്പറ്റി ആഴത്തിൽ അറിയണം. കേരളത്തിന്റെ നേട്ടങ്ങളെയും ആഭ്യന്തര ദൗർബല്യങ്ങളെയും ഭാവി സാധ്യതകളെയും പറ്റി കൂടുതൽ മനസ്സിലാക്കണം. നവ കേരളത്തിനായി എന്തൊക്കെ ചെയ്യണമെന്നതുപോലെ തന്നെ എന്തൊക്കെ ചെയ്യാതിരിക്കണമെന്നതിനെപ്പറ്റിയും ബോധ്യമുണ്ടാവണം. ഇതെല്ലാം കണക്കിലെടുത്ത്, കേരളത്തിന്റെ സമഗ്രമായ സാമൂഹിക പരിവർത്തനത്തെ ലക്ഷ്യമാക്കിയുള്ള വിപുലമായൊരു ജനകീയ ക്യാമ്പെയിന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് രൂപം നൽകുകയാണ്.

ശാസ്ത്രബോധത്തിലധിഷ്ഠിതമായ പുതിയൊരു കേരള നിർമിതിയാണ് ഈ ക്യാമ്പെയിന്റെ ലക്ഷ്യം. ശാസ്ത്രത്തിന്റെ രീതിയും, ശാസ്ത്രബോധവും ജനജീവിതത്തിന്റെ ഭാഗമായി ഉൾക്കൊള്ളുമ്പോൾ മാത്രമേ ജനങ്ങൾ ശുഭാപ്തിവിശ്വാസത്തോടെ പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുള്ളൂ. അതിനായി പുതിയ അറിവുകൾ സൃഷ്ടിക്കുകയും പ്രചരിപ്പിക്കുകയും കേരളത്തെ സംവാദാത്മകമാക്കുകയും വേണം. ആ അർത്ഥത്തിൽ, അറിവിന്റെ സാർവത്രികവൽകരണത്തിനും കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കുന്നതിനും ഉള്ള പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുള്ള കേരള ശാസ്ത്രസാഹിത്യ പരി

ഷത്തിന്റെ സംഭാവന കൂടിയാണ്  നിർദിഷ്ട വികസന ക്യാമ്പെയിൻ. അതിന്റെ ഭാഗമായാണ് ഈ ലഘുലേഖ പ്രസിദ്ധീകരിക്കുന്നത്.

ഇന്ത്യൻ സാഹചര്യത്തിൽ പൊതുവിലും കേരളത്തിൽ പ്രത്യേകിച്ചും പ്രാധാന്യമേറിയതാണ് ദേശീയ തൊഴിലുറപ്പ് പദ്ധതി. എന്നാൽ കേന്ദ്രസർക്കാരിന്റെ പ്രതികൂല നിലപാടുകൾ പദ്ധതിക്കെതിരെ ഒട്ടേറെ വെല്ലുവിളികൾ ഉയർത്തുന്നു. അതേസമയം തദ്ദേശഭരണ സംവിധാനവുമായി ബന്ധപ്പെടുത്തി പദ്ധതി നിർവഹണം നടത്തുന്ന കേരളത്തിൽ വിവിധ തരത്തിലും തലത്തിലും നടക്കേണ്ട ഏകോപനം വഴി ഇനിയും ധാരാളം സാധ്യതകൾ നിലനിൽക്കുന്നു. കേന്ദ്ര ഭീഷണികളെ നേരിടാനും സംസ്ഥാനത്തെ സാധ്യതകൾ പ്രയോജനപ്പെടുത്താനും എന്തൊക്കെ ചെയ്യണമെന്നതാണ് ഇതിലെ പ്രതിപാദ്യം. ഈ രംഗവുമായി ബന്ധപ്പെട്ട് ഏറെക്കാലമായി പ്രവർത്തിക്കുന്ന ശ്രീ. എ എൻ ജഗജീവനാണ് ലഘുലേഖ തയ്യാറാക്കിയത്. അദ്ദേഹത്തിന് നന്ദി. പദ്ധതിയുമായും അല്ലാതെയും ബന്ധപ്പെടുന്നവർക്ക് ഒരു കൈപ്പുസ്തകമായി ഇതിനെ ഉപയോഗിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**

## ആമുഖം

ഒന്നാം യു പി എ സർക്കാരാണ് 2005ൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പാർലമെന്റിൽ അവതരിപ്പിച്ച് നിയമമാക്കുന്നത്. രാഷ്ട്രപതിയുടെ അംഗീകാരം നേടി നിയമം പ്രാബല്യത്തിൽ വന്നത് 2005 സെപ്തംബർ 5നാണ്. ഒരു ഭേദഗതിയിലൂടെ 2009 ഒക്ടോബർ 2 മുതൽ ഈ നിയമത്തിന്റെ പേര് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (MGNREGA) എന്നാക്കി മാറ്റി.

2005ൽ ഇന്ത്യയിൽ നിലവിൽ വന്ന അവകാശാധിഷ്ഠിത നിയമത്തെപ്പോലെ പ്രാധാന്യമർഹിക്കുന്നതാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. ഈ നിയമം ഗ്രാമീണരുടെ തൊഴിലെടുത്തു ജീവിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പുവരുത്തപ്പെടുകയായിരുന്നു. അരുണാ റോയ്, നിഖിൽ ഡേ, ജീൻഡ്രേസ്, ഹർഷ് മന്ദർ തുടങ്ങിയ സാമൂഹ്യ പ്രവർത്തകരും സാമ്പത്തിക വിദഗ്ധരുമായ നിരവധി പേരുടെ സജീവമായ ഇടപെടലുകളുടെ കൂടി പശ്ചാത്തലത്തിലാണ് ഈ നിയമം രൂപപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ രാജ്യത്ത് നടപ്പിലാക്കപ്പെട്ട ഏറ്റവും പുരോഗമനപരമായ നടപടികളിൽ ഒന്നായി തൊഴിലുറപ്പ് നിയമം മാറിയിട്ടുണ്ട്. നിയമവുമായി ബന്ധപ്പെട്ട കേന്ദ്രസർക്കാർ നിലപാടുകളും, കേരളത്തിലെ പ്രത്യേക സാഹചര്യങ്ങളും സാധ്യതകളുമാണ് ഇവിടെ പരിശോധിക്കുന്നത്.

### പദ്ധതിയുടെ ഉള്ളടക്കം

രാജ്യത്തെ കോടിക്കണക്കിനു വരുന്ന ഗ്രാമീണ കുടുംബങ്ങൾക്ക് MGNREGA നിരവധി അവകാശങ്ങൾ ഉറപ്പു വരുത്തിയിട്ടുണ്ട്. ഗ്രാമപ്രദേശത്ത് സ്ഥിരതാമസമുള്ള ഏതൊരു കുടുംബത്തിനും പദ്ധതിയിൽ

രജിസ്റ്റർ ചെയ്യുവാൻ അവകാശമുണ്ട്. രജിസ്റ്റർ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചാൽ അർഹതയുള്ള കുടുംബങ്ങൾക്ക് രണ്ടാഴ്ചയ്ക്കകം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി തൊഴിൽക്കാർഡ് നൽകിയിരിക്കണം. ഒരു കുടുംബത്തിലെ 18 വയസ്സ് പൂർത്തിയായതും അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളതുമായ ഏതൊരാളിനേയും പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽക്കാർഡിൽ ഉൾപ്പെടുത്താം. തൊഴിൽക്കാർഡിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള ഏതൊരാൾക്കും തൊഴിൽ ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ ആവശ്യപ്പെടുന്ന ഏതൊരാൾക്കും, ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ തൊഴിൽ എന്ന പരിധിക്കു വിധേയമായി, 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകാൻ ഗ്രാമപഞ്ചായത്ത്, അല്ലെങ്കിൽ ബന്ധപ്പെട്ട അധികാരികൾക്ക് നിയമപരമായ ബാധ്യതയുണ്ട്. തൊഴിൽ നൽകുന്നത് അഞ്ചു കിലോമീറ്റർ ചുറ്റളവിനുള്ളിൽ ആയിരിക്കണം; തൊഴിലാളിക്ക് 10% അധിക വേതനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. തൊഴിൽ നൽകുന്നതിൽ സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകണം. ആകെ തൊഴിൽ ലഭിക്കുന്നവരിൽ കുറഞ്ഞത് മൂന്നിലൊന്നു പേരെങ്കിലും സ്ത്രീകൾ ആയിരിക്കണം. ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭ്യമായില്ലെങ്കിൽ തൊഴിലാളിക്ക് തൊഴിലില്ലായ്മാ വേതനം ലഭിക്കാൻ നിയമപരമായി അവകാശമുണ്ട്. തൊഴിൽ ചെയ്യുന്ന ഓരോ ദിവസത്തിനും കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രതിദിന വേതനം ലഭിക്കുന്നതിന് അർഹതയുണ്ട്. എസ്റ്റിമേറ്റ് പ്രകാരം ഓരോ ദിവസവും ചെയ്തിട്ടുള്ള പ്രവൃത്തിയുടെ അളവുകൾ  എടുത്ത് അതിന്റെകൂടി അടിസ്ഥാനത്തിലായിരിക്കും പ്രതിദിന വേതനം കണക്കാക്കുന്നത്. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനം നിയമംമൂലം ഉറപ്പാക്കിയിരിക്കുന്നു. വേതനം ആഴ്ചതോറും നൽകുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഏതു സാഹചര്യത്തിലും, തൊഴിൽ ചെയ്ത് 15 ദിവസത്തിനകം വേതനം തൊഴിലാളികൾക്ക് ലഭിച്ചിരിക്കണം. വേതനം ലഭിക്കാൻ വൈകുന്ന ഓരോ ദിവസത്തിനും 0.05% നഷ്ടപരിഹാരം ലഭിക്കാൻ തൊഴിലാളികൾക്ക് അവകാശമുണ്ട്.

പ്രവൃത്തി സ്ഥലത്തുവച്ച് ഉണ്ടാകുന്ന അപകടങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കണം. അപ്രകാരമുള്ള അപകടംമൂലം മരണമോ ഗുരുതരമായ അംഗഭംഗമോ സംഭവിക്കുകയാണെങ്കിൽ എക്സ്ഗ്രേഷ്യാ ധനസഹായം നൽകണം. അഞ്ചു വയസ്സിൽത്താഴെയുള്ള അഞ്ചോ അതിൽ കൂടുതലോ കുട്ടികൾ പണിസ്ഥലത്ത് ഉണ്ടാകുകയാണെങ്കിൽ കുട്ടികളെ പരിചരിക്കുന്നതിന് ഒരു ആയയെ നിയോഗിക്കണം. പണിസ്ഥലത്ത് ശുദ്ധമായ കുടിവെള്ളം, തണൽ, പ്രഥമ

ശുശ്രൂഷാ കിറ്റ് തുടങ്ങിയവ ഉണ്ടായിരിക്കണം. പദ്ധതിയിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികൾ കണ്ടെത്തുന്നതുൾപ്പെടെയുള്ള ആസൂത്രണ പ്രക്രിയയിൽ പങ്കാളികളാകുന്നതിനും പരാതികൾക്ക് യഥാസമയം പരിഹാരം ലഭ്യമാകുന്നതിനും പദ്ധതി നിർവ്വഹണത്തെ സോഷ്യൽ ആഡിറ്റിങ്ങിന് വിധേയമാക്കുന്നതിനും തൊഴിലാളികൾക്കും പ്രദേശവാസികൾക്കും അവകാശമുണ്ട്. പദ്ധതിയെപ്പറ്റിയുള്ള മുഴുവൻ വിവരങ്ങളും സ്വമേധയാ വെളിപ്പെടുത്തണമെന്നതടക്കം സുതാര്യത ഉറപ്പു വരുത്തുന്നതിനുതകുന്ന ശക്തമായ വ്യവസ്ഥകൾ നിയമത്തിൽത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വളരെ പുരോഗമനാത്മകമായ നിരവധി വ്യവസ്ഥകൾ അടങ്ങിയ ഈ നിയമം അവകാശാധിഷ്ഠിത നിയമങ്ങളുടെ ചരിത്രത്തിലെ വലിയൊരു നാഴികക്കല്ലായിത്തന്നെ കണക്കാക്കാവുന്നതാണ്.

**ലക്ഷ്യങ്ങൾ**

നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് (MGNREGS) സർക്കാർ രൂപം നൽകുകയുണ്ടായി. രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ 2006 മുതൽ പദ്ധതി നടപ്പാക്കിത്തുടങ്ങുകയും 2008 ഏപ്രിൽ മുതൽ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയുമുണ്ടായി. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രധാനമായും ചുവടെ പറയുന്നവയാണ്:

a) അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധമായിട്ടുള്ള എതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ഉറപ്പു വരുത്തുക
b) ദരിദ്ര ജനവിഭാഗങ്ങളുടെ ജീവനോപാധികൾ ഉറപ്പു വരുത്തുന്നതിനും വിഭവാടിത്തറ ശക്തമാക്കുന്നതിനുമുതകുന്ന ഗ്രാമീണ ആസ്തികൾ സൃഷ്ടിക്കുക
c) പ്രകൃതിവിഭവങ്ങളുടെ പരിപാലനവും പരിസ്ഥിതി പുനസ്ഥാപനവും
d) അധികാരവികേന്ദ്രീകരണവും പഞ്ചായത്ത് രാജ് സംവിധാനങ്ങളെ ശക്തിപ്പെടുത്തലും
e) സ്ത്രീ ശാക്തീകരണം

**അംഗത്വം**

ഇന്ത്യയിൽ ഇന്ന് തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 16.73 കോടി കുടുംബങ്ങളുണ്ട്. ഈ കുടുംബങ്ങളിൽ നിന്ന് രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം 31.3 കോടിയാണ്. സജീവമായി തൊഴിലുറപ്പ് പദ്ധതിയിൽ പങ്കെടുക്കുന്ന കുടുംബങ്ങളുടെ എണ്ണം 10.16 കോടിയും സജീവ തൊഴിലാളികളുടെ എണ്ണം 15.49 കോടിയുമാണ്. 2021–22 സാമ്പത്തികവർഷം രാജ്യത്ത് തൊഴിലുറപ്പ് പദ്ധതിയിൻ

കീഴിൽ 7.26 കോടി കുടുംബങ്ങളിൽ നിന്നായി 10.62 കോടി തൊഴിലാളികൾ ജോലി ചെയ്യുകയുണ്ടായി. ഇവർക്ക് വേതന ഇനത്തിൽ മാത്രമായി 75115 കോടി രൂപ ലഭിക്കുകയുണ്ടായി. 2021–22 സാമ്പത്തികവർഷം പദ്ധതിയിലെ ആകെച്ചെലവ് 1.06 ലക്ഷം കോടി രൂപയായിരുന്നു. കോവിഡ് കാലത്ത് നട്ടെല്ലൊടിഞ്ഞ ഇന്ത്യൻ ഗ്രാമീണ സമ്പദ് വ്യവസ്ഥയ്ക്ക് തൊഴിലുറപ്പുപദ്ധതിയിലൂടെ ലഭിച്ച ആശ്വാസം ചെറുതല്ല. കോവിഡ് വ്യാപനത്തിനു മുമ്പ് ശരാശരി 5.4 കോടി കുടുംബങ്ങളാണ് തൊഴിലുറപ്പുപദ്ധതിയെ ആശ്രയിച്ചിരുന്നതെങ്കിൽ കോവിഡ് കാലഘട്ടത്തിൽ അത് 7.5 കോടിയായി വർധിക്കുകയുണ്ടായി. ദുരിതകാലങ്ങളിൽ ഗ്രാമപ്രദേശങ്ങളിൽ നിന്നും നഗരങ്ങളിലേക്കുള്ള കുടിയേറ്റം കുറയ്ക്കുന്നതിന് തൊഴിലുറപ്പുപദ്ധതി പങ്കുവഹിക്കുന്നുണ്ട്. കോവിഡ് കാലത്ത് ലോക് ഡൗൺ മൂലം തൊഴിൽ സാധ്യതകൾ നഷ്ടപ്പെട്ട സാഹചര്യത്തിൽ നഗരങ്ങളിൽ ജോലി ചെയ്തിരുന്ന വലിയ വിഭാഗം ജനങ്ങൾ തിരികെ ഗ്രാമങ്ങളിൽ എത്തിയപ്പോഴും അവർക്ക് പരിമിതമായ തോതിലെങ്കിലും തൊഴിൽ നൽകാൻ തൊഴിലുറപ്പുപദ്ധതിക്കു സാധിച്ചിട്ടുണ്ട് എന്നാണ് മേല്പറഞ്ഞ കണക്കുകൾ സൂചിപ്പിക്കുന്നത്.

## ഇന്ത്യൻ സാഹചര്യം

ഇന്ത്യയിലെ ഗ്രാമീണ സമ്പദ് വ്യവസ്ഥ ഇപ്പോഴും കാർഷിക പ്രധാനമാണല്ലോ. മണ്ണും ജലവുമടക്കമുള്ള പ്രകൃതിവിഭവങ്ങളുടെ പരിപാലനം കാർഷിക മേഖലയുടെ സുസ്ഥിരമായ നിലനില്പിന് അത്യന്താപേക്ഷിതമാണ്. ഇതിനു സഹായകമാകുംവിധം പ്രകൃതിവിഭവപരിപാലന പ്രവർത്തനങ്ങൾ തൊഴിലുറപ്പുപദ്ധതിയിൽ വ്യാപകമായി ഏറ്റെടുക്കുവാൻ സാധിക്കും. പദ്ധതിയിൽ ആകെ അനുവദനീയമായ 262 ഇനം പ്രവൃത്തികളിൽ 182 എണ്ണവും പ്രകൃതിവിഭവപരിപാലനവുമായി ബന്ധപ്പെട്ടവയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം രാജ്യത്ത് ചെലവഴിച്ച തുകയുടെ 65% വും പ്രകൃതി വിഭവപരിപാലനത്തിനു വേണ്ടിയായിരുന്നു. ഇതിലൂടെ മണ്ണ് സംരക്ഷണം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, മഴവെള്ളക്കൊയ്ത്ത്, തടയണകളുടെ നിർമ്മാണം, ചെറുകിട–സൂക്ഷ്മ ജലസേചന പ്രവർത്തനങ്ങൾ, ഫലവൃക്ഷങ്ങൾ അടക്കമുള്ള മരങ്ങൾ നട്ടു പരിപാലിക്കൽ എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏറ്റെടുക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിനു പുറമേ ദരിദ്രകുടുംബങ്ങൾക്ക് ഉപജീവനത്തിന് സഹായകരമാകുന്ന ആസ്തികളായ കാർഷിക കുളങ്ങൾ, കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, തീറ്റപ്പുൽ കൃഷി, അസോളാ ടാങ്ക് തുടങ്ങിയവയും പദ്ധതിയിലൂടെ നൽകി വരുന്നു. സ്വയംസഹായ സംഘങ്ങൾക്ക് ആവശ്യമായ വർക്ക് ഷെഡുകൾ, കാർഷിക ഉല്പന്നസംഭ

രണ കേന്ദ്രങ്ങൾ, ഗ്രാമീണ ഉല്പന്നങ്ങളുടെ വിപണനത്തിനായുള്ള ഗ്രാമചന്തകൾ എന്നിവയും നിർമിച്ചു വരുന്നു. ഉറവിട മാലിന്യ സംസ്കരണത്തിന് സഹായകരമാകുന്ന കമ്പോസ്റ്റ് പിറ്റ്, സോക്പിറ്റ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവയും തൊഴിലുറപ്പു പദ്ധതിയിൽ നൽകുന്നുണ്ട്. ഗ്രാമീണ അടിസ്ഥാനസൗകര്യ വികസനത്തിനായി അംഗൻവാടി കെട്ടിടങ്ങൾ, സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ, പാചകപ്പുര, ശൗചാലയങ്ങൾ, കളിസ്ഥലങ്ങൾ, ഗ്രാമീണ റോഡുകൾ തുടങ്ങി നിരവധി പ്രവൃത്തികളും തൊഴിലുറപ്പുപദ്ധതിയിൽ ഏറ്റെടുത്തു വരുന്നു.

അങ്ങേയറ്റം ചൂഷണാധിഷ്ഠിതമായ കാർഷിക ബന്ധങ്ങൾ നിലനിൽക്കുന്ന ഇന്ത്യയിലെ ഗ്രാമങ്ങളിൽ കാർഷിക മേഖലയിൽ നിയതമായ ഒരു കൂലി വ്യവസ്ഥ കൊണ്ടുവരുന്നതിൽ തൊഴിലുറപ്പു പദ്ധതി വലിയ പങ്കുവഹിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിക്കുന്ന മിനിമം വേതനം വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും ലഭിക്കുമെന്ന ഉറപ്പ് കർഷകത്തൊഴിലാളികളുടെ വിലപേശൽശേഷിയെ വലിയ തോതിൽ വർധിപ്പിക്കാൻ സഹായിക്കുന്നതാണ്. ലിംഗപരമായ അസമത്വങ്ങൾ കൊടികുത്തി വാഴുന്ന ഇന്ത്യയിലെ ഗ്രാമങ്ങളിൽ സ്ത്രീക്കും പുരുഷനും തുല്യവേതനം എന്ന ആശയം ചെലുത്തുന്ന സ്വാധീനവും വളരെ വലുതാണ്.

## കേരളത്തിന്റെ പ്രത്യേകത

കേരളത്തിൽ 2006 ൽ പാലക്കാട്, വയനാട് ജില്ലകളിലാണ് തൊഴിലുറപ്പുപദ്ധതി ആദ്യമായി ആരംഭിച്ചത്. 2007ൽ കാസർഗോഡ്, ഇടുക്കി ജില്ലകളിലും 2008ൽ സംസ്ഥാനമൊട്ടാകെയും പദ്ധതി വ്യാപിപ്പിച്ചു. മറ്റു സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായി കേരളത്തിൽ പദ്ധതിയുടെ നിർവ്വഹണച്ചുമതല പൂർണ്ണമായും ഗ്രാമപഞ്ചായത്തുകൾക്കാണ് നൽകിയിട്ടുള്ളത്. കേരളത്തിലെ ഉയർന്ന കൂലി നിരക്ക്, അവകാശബോധമുള്ള കർഷകരുടെയും കർഷക തൊഴിലാളികളുടെയും സംഘടനകളുടെ സാന്നിധ്യം, സമ്പദ് ഘടനയിൽ കുറഞ്ഞു വരുന്ന കാർഷികമേഖലയുടെ പങ്കാളിത്തം എന്നിങ്ങനെയുള്ള സവിശേഷ സാഹചര്യങ്ങളിൽ തൊഴിലുറപ്പുപദ്ധതി എത്രത്തോളം പ്രസക്തമാണെന്ന ചർച്ചകൾ ആദ്യകാലം മുതൽ തന്നെ സജീവമായിരുന്നു. കേരളത്തിൽ കാർഷിക മേഖലയിൽ ലഭിക്കുന്ന മിനിമം കൂലിയേക്കാൾ വളരെക്കുറഞ്ഞ തുകയ്ക്ക് തൊഴിലുറപ്പുപദ്ധതിയിൽ ജോലി ചെയ്യാൻ അധികമാരും സന്നദ്ധരാകില്ല എന്നതായിരുന്നു തുടക്കകാലത്ത് പൊതുവിൽ എത്തിച്ചേർന്ന നിഗമനം. ഈ പരിമിതിയെ മറികടക്കുന്നതിനും ജനങ്ങളുടെ പങ്കാളിത്തം പദ്ധതിയിൽ വലിയ തോതിൽ ഉറപ്പു വരുത്തുന്നതിനും കുടുംബശ്രീ സംഘടനാ സംവിധാനത്തെ പ്രയോജനപ്പെടുത്തുകയുണ്ടായി. തൊഴിലുറപ്പു പദ്ധതിയിൽ

പ്രവൃത്തികൾ കണ്ടെത്തുന്നതു മുതൽ എല്ലാ ഘട്ടങ്ങളിലും കുടുംബശ്രീയുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയുണ്ടായി. ഏറ്റെടുക്കുന്ന പ്രവൃത്തികൾ നിർവ്വഹണഘട്ടത്തിൽ മാനേജ് ചെയ്യുന്നത് മേറ്റുമാരാണ്. മേറ്റുമാരെ കുടുംബശ്രീ ADS ൽനിന്ന് കണ്ടെത്തി നിയോഗിക്കണമെന്ന് വിപ്ലവകരമായ തീരുമാനം സംസ്ഥാനസർക്കാർ കൈക്കൊള്ളുകയുണ്ടായി. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിലും ഇല്ലാത്ത സുപ്രധാനമായൊരു ചുവടുവയ്പായിരുന്നു ഇത്. പദ്ധതിയിലെ വൻതോതിലുള്ള സ്ത്രീ പങ്കാളിത്തത്തിന് ഇത് വഴിവച്ചു. മുൻകാലങ്ങളിൽ വീടിനു പുറത്ത് ഏതെങ്കിലും തൊഴിലിനു പോകാൻ അവസരമില്ലാതിരുന്നവരോ അല്ലെങ്കിൽ പല കാരണങ്ങളാൽ തൊഴിൽ തേടാൻ വിമുഖരായിരുന്നവരോ ആയ വീട്ടമ്മമാരടക്കമുള്ള സ്ത്രീകൾ തൊഴിലുറപ്പു പദ്ധതിയിൽ സജീവ പങ്കാളികളാകാൻ മുന്നോട്ടുവന്നു. തൊഴിലുറപ്പുപദ്ധതിയിൽ രാജ്യത്തെ സ്ത്രീ പങ്കാളിത്തം വെറും 55% ആയിരിക്കുമ്പോൾ കേരളത്തിലത് 90% ആണ് എന്നത് ചെറിയ കാര്യമല്ല.

തുടക്കത്തിൽ പൊതുവേ കരുതിയിരുന്നതിൽ നിന്നു വ്യത്യസ്തമായി വലിയ തോതിലുള്ള ജനപങ്കാളിത്തമാണ് പദ്ധതിയിൽ ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് തൊഴിലുറപ്പു പദ്ധതിയിൽ ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം 41.84 ലക്ഷവും ആകെ തൊഴിലാളികളുടെ എണ്ണം 64.63 ലക്ഷവുമാണ്. ഇതിൽ 21.43 ലക്ഷം കുടുംബങ്ങളിൽപ്പെട്ട 26.32 ലക്ഷം പേർ സജീവ തൊഴിലാളികളാണ്.

കേരളത്തിൽ പദ്ധതി നിർവ്വഹണത്തിന്റെ ആദ്യ ദശാബ്ദക്കാലം ആവശ്യപ്പെടുന്നവർക്ക് അവിദഗ്ധ കായിക തൊഴിൽ നൽകുന്നതിനായിരുന്നു ഊന്നൽ. സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള ആസ്തി വികസനത്തിന് പ്രാമുഖ്യം നൽകിയിരുന്നില്ല. 2014ൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന നിയമ ഭേദഗതിപ്രകാരം തൊഴിൽ കൊടുക്കുന്നതോടൊപ്പം ഉല്പാദനക്ഷമവും ദീർഘകാലം നിലനിൽക്കുന്നതുമായ ആസ്തികളുടെ നിർമ്മാണവും അനിവാര്യമായിത്തീർന്നു. ഇതിനെത്തുടർന്ന് 2017–18 സാമ്പത്തികവർഷം മുതൽ കേരളത്തിലും ആസ്തി നിർമ്മാണത്തിൽ ഊന്നിക്കൊണ്ടുള്ള പദ്ധതി നിർവ്വഹണത്തിലേക്ക് കടന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ഉപജീവന ആസ്തികളായ തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് എന്നിവയുടെ വിതരണം വലിയതോതിൽ നടന്നു. തീറ്റപ്പുൽക്കൃഷിയും, അസോള ടാങ്ക് നിർമാണവും നടന്നു. ശുചിത്വ കേരളം പദ്ധതിയ്ക്കുവേണ്ടി ഗാർഹിക കമ്പോസ്റ്റ് പിറ്റുകൾ, സോക് പിറ്റുകൾ, മിനി MCFകൾ എന്നിവയും നിർമ്മിച്ചു വരുന്നു. സാമൂഹ്യ ആസ്തികളായ അംഗൻവാടി കെട്ടിടങ്ങൾ, സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ, പാചകപ്പുര, ഭക്ഷണശാല, കളിസ്ഥലങ്ങൾ, SHG വർക്ക്ഷെഡുകൾ, ഗ്രാമചന്തകൾ, ഗ്രാമീണറോഡുകൾ എന്നിവയും വലിയ

തോതിൽ ഏറ്റെടുക്കുകയുണ്ടായി. ഇതിന്റെയൊക്കെ ഫലമായി സംസ്ഥാ നത്തിലെ മെറ്റീരിയൽ ഘടകത്തിന്റെ വിനിയോഗം 2017–18ൽ കേവലം 4% ആയിരുന്നത് ഇപ്പോൾ ക്രമാനുഗതമായി വർധിച്ച് 30%ൽ എത്തി നിൽക്കുന്നു.

സംസ്ഥാനത്ത് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പുപദ്ധതിയിൽ നിരവധി പ്രവൃത്തികൾ ഏറ്റെടുത്തു വരുന്നു. ഹരിത കേരള മിഷനുമായിച്ചേർന്ന് ജലസ്രോതസ്സുകളുടെയും നദികളുടെയും പുനരുജ്ജീവനത്തിന് നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഭൂഗർഭജല പരിപോഷണത്തിനായി പൊതുകുളങ്ങളുടെ പുനരുദ്ധാരണം, തടയണകൾ, മഴക്കുഴികൾ, കിണർ റീച്ചാർജിങ് തുടങ്ങി നിരവധി പ്രവർത്തനങ്ങൾ പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ ഏറ്റെടുക്കുന്നുണ്ട്. കേരളത്തിലെ വൃക്ഷവല്കരണ പ്രവർത്തനങ്ങളിലും തൊഴിലുറപ്പുപദ്ധതിയെ വൻതോതിൽ പ്രയോജനപ്പെടുത്തിവരുന്നു. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഗ്രാമപ്രദേശങ്ങളിൽ ആയിരത്തോളം വരുന്ന പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിലും അവയുടെ പരിപാലനത്തിലും മുഖ്യപങ്കു വഹിക്കുന്നത് തൊഴിലുറപ്പുപദ്ധതിയാണ്. തൊഴിലുറപ്പുപദ്ധതിക്ക് കീഴിൽ നഴ്സറികൾ സ്ഥാപിച്ച് എല്ലാവർഷവും ലക്ഷക്കണക്കിന് തൈകൾ ഉല്പാദിപ്പിച്ച് നട്ടു പരിപാലിക്കുന്ന പ്രവർത്തനം ഏറ്റെടുക്കാറുണ്ട്. ഈ വർഷം സാമൂഹ്യ വനവല്കരണ പരിപാടിയുടെ ഭാഗമായി വനംവകുപ്പിന്റെ സാങ്കേതിക സഹായത്തോടെ നഴ്സറികൾ സ്ഥാപിച്ച് 40 ലക്ഷത്തിലേറെ വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് നടുകയുണ്ടായി. കണ്ടൽക്കാടുകളുടെ പുനരുജ്ജീവനം, പുഴയോരത്തും അനുയോജ്യമായ മറ്റു സ്ഥലങ്ങളിലും മുള നട്ടുപിടിപ്പിക്കൽ, കടൽത്തീരങ്ങളിൽ കാറ്റാടി പോലുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ തുടങ്ങിയ നിരവധി പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നുണ്ട്. ചെറുകിട നാമമാത്ര കർഷകരുടെ സ്വകാര്യഭൂമിയിൽ കാർഷിക കുളങ്ങളുടെയും ജലസേചന കിണറുകളുടെയും നിർമ്മാണത്തിനു പുറമേ ജലസേചനവകുപ്പിന്റെ കനാലുകളിൽ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള സമഗ്ര പുനരുദ്ധാരണ പ്രവൃത്തികളും ചെയ്തുവരുന്നു.

## പ്രളയകാലം

മഹാപ്രളയത്തിലും കോവിഡ് പ്രതിസന്ധിയുടെ കാലയളവിലും ഗ്രാമീണമേഖലയിൽ തൊഴിലും വരുമാനവും നഷ്ടപ്പെട്ട ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് കൈത്താങ്ങായി മാറിയത് തൊഴിലുറപ്പുപദ്ധതിയാണ്. സാധാരണഗതിയിൽ പ്രതിവർഷം ശരാശരി 8 കോടി തൊഴിൽദിനങ്ങൾ മാത്രം സൃഷ്ടിക്കപ്പെടുന്ന കേരളത്തിൽ മഹാപ്രളയമുണ്ടായ വർഷം 9.75 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. പ്രളയത്തിൽ തകർന്നുപോയ റോഡുകളും കലുങ്കുകളും

തടയണകളും അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനും ചെളിയും മാലിന്യങ്ങളും അടിഞ്ഞുകൂടി ഉപയോഗശൂന്യമായ കൃഷിയിടങ്ങളും ജലസ്രോതസ്സുകളും വീണ്ടെടുക്കുന്നതിനും തൊഴിലുറപ്പുപദ്ധതിയെ വലിയതോതിൽ പ്രയോജനപ്പെടുത്തുകയുണ്ടായി. കാർഷികമേഖലയിൽ ഉല്പാദനം വർധിപ്പിക്കുന്നതിന് ആവിഷ്കരിച്ച സുഭിക്ഷ കേരളം പദ്ധതിയിൽ തരിശുഭൂമി കൃഷിയ്ക്ക് ഉപയുക്തമാക്കുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തുകൾ വ്യാപകമായി നടത്തിവരുന്നു.

## കോവിഡ് കാലം

കോവിഡ് പ്രതിസന്ധിയിലൂടെ കടന്നുപോയ കഴിഞ്ഞ രണ്ടു സാമ്പത്തികവർഷങ്ങളിലും സംസ്ഥാനത്ത് 10 കോടിക്കു മുകളിൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങളുടെ 18.5% പട്ടികജാതി വിഭാഗത്തിനും 6.5% പട്ടികവർഗ വിഭാഗത്തിനുമാണ് ലഭിച്ചതെന്നത് ശ്രദ്ധേയമാണ്. ഇത് ആ വിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ വളരെ വലിയതോതിലുള്ള പങ്കാളിത്തമാണെന്ന് കാണാവുന്നതാണ്. സമൂഹത്തിലെ പാർശ്വവൽകരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് തൊഴിലുറപ്പുപദ്ധതി എത്രത്തോളം ആശ്വാസകരമാണെന്നതിന്റെ നിദർശനമാണിത്. സംസ്ഥാനത്തെ തീവ്ര ദാരിദ്ര്യം അനുഭവിക്കുന്ന ഒരു വിഭാഗം എന്ന നിലയിൽ പട്ടികവർഗ കുടുംബങ്ങൾക്ക് സവിശേഷ പരിഗണനയാണ് സംസ്ഥാനസർക്കാർ നൽകിവരുന്നത്. പട്ടികവർഗ കുടുംബങ്ങൾക്ക് കേന്ദ്ര പദ്ധതിവഴി ലഭിക്കുന്ന 100 ദിവസത്തെ തൊഴിലിനു പുറമേ അധികമായി 100 ദിവസം തൊഴിൽ നൽകുന്നതിനായി സംസ്ഥാനസർക്കാരിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് കേരളാ "ട്രൈബൽ പ്ലസ്സ്" പദ്ധതി നടപ്പാക്കി വരുന്നു. അട്ടപ്പാടി അടക്കമുള്ള ട്രൈബൽ മേഖലയിലെ ദാരിദ്ര്യം ലഘൂകരിക്കുന്നതിന് ഈ പദ്ധതി വലിയതോതിൽ സഹായിക്കുന്നുണ്ട്. കൂടാതെ വയനാട്, അട്ടപ്പാടി, ആറളം എന്നീ മേഖലകളിലെ പട്ടികവർഗ കുടുംബങ്ങൾക്ക് തൊഴിലുറപ്പുകൂലി കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്നത് വൈകുന്ന ഘട്ടങ്ങളിൽ കുടുംബശ്രീ വഴി വേതനം മുൻകൂറായി നൽകുന്നതിനുള്ള ഒരു പദ്ധതിയും സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു.

## സാമൂഹിക സുരക്ഷ

സംസ്ഥാനത്ത് തൊഴിലുറപ്പുപദ്ധതിയിൽ തൊഴിൽ ചെയ്യാനെത്തുന്നവരുടെ 26 ശതമാനത്തിലേറെ തൊഴിലാളികൾ 60 വയസ്സിനു മുകളിൽ പ്രായമുള്ളവരാണ്. 2021–22 സാമ്പത്തികവർഷം 60 വയസ്സിനും 80 വയസ്സിനുമിടയിൽ പ്രായമുള്ള 4.85 ലക്ഷം തൊഴിലാ

ളികൾ ജോലിക്കെത്തുകയുണ്ടായി. 80 വയസ്സിനു മുകളിൽ പ്രായമുള്ള 10,952 പേരും തൊഴിലുറപ്പുപദ്ധതിയിൽ ജോലി ചെയ്യുകയുണ്ടായി. ഇവരിൽ പലരും വിധവകളോ വീട്ടിൽ ആരുംതന്നെ സഹായത്തിന് ഇല്ലാത്തവരോ ആണ്. വാർദ്ധക്യകാലത്തും മറ്റുള്ളവരുടെ മുന്നിൽ കൈനീട്ടാതെ സ്വന്തം ആവശ്യങ്ങൾക്കുള്ള തുക സ്വയം അധ്വാനിച്ചുണ്ടാക്കണമെന്ന ആത്മാഭിമാനപരമായ തീരുമാനം എടുത്തു മുന്നോട്ടു പോകാൻ ഇവർക്ക് സഹായകമാകുന്നതും തൊഴിലുറപ്പു പദ്ധതിയാണ്. ഭിന്നശേഷിക്കാരായ 2700 ലേറെപ്പേരും തൊഴിലുറപ്പ് പദ്ധതിയെ തങ്ങളുടെ ജീവിതമാർഗമായി കണ്ടെത്തിയിട്ടുണ്ട്. അപ്രകാരം നോക്കുമ്പോൾ സംസ്ഥാനത്തെ ഏറ്റവും വലിയ സാമൂഹ്യ സുരക്ഷാ പദ്ധതികളിലൊന്നായി തൊഴിലുറപ്പുപദ്ധതി മാറിയിട്ടുള്ളതായും കാണാനാകും.

**തൊഴിൽ ദിനങ്ങൾ**

കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാനത്ത് ആകെ തൊഴിൽ ലഭിച്ചത് 16.45 ലക്ഷം കുടുംബങ്ങളിൽനിന്നായി 18.99 ലക്ഷം തൊഴിലാളികൾക്കാണ്. ഒരു കുടുംബത്തിന് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ 64.41 ആണ്. ദേശീയ ശരാശരി വെറും 50 ആയിരിക്കുമ്പോഴാണ് കേരളം ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. നൂറു ദിവസം പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം 5.12 ലക്ഷമാണ്. ഇത് ആകെ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ 31% വരും. ദേശീയ ശരാശരി വെറും 8% മാത്രമാണ്. തൊഴിലുറപ്പുപദ്ധതിയിലൂടെ വേതനയിനത്തിൽ മാത്രം കഴിഞ്ഞവർഷം 3115 കോടി രൂപ ഗ്രാമീണ കുടുംബങ്ങളുടെ അക്കൗണ്ടിലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതിയിൽ ആകെ ചെലവഴിച്ച തുകയാകട്ടെ 4020 കോടിയും. ഒരു ഗ്രാമപഞ്ചായത്തിൽ ശരാശരി 4.27 കോടി രൂപ പ്രതിവർഷം ലഭ്യമാകുന്നു എന്നാണിതിനർത്ഥം. സംസ്ഥാനത്ത് ഗ്രാമീണമേഖലയിലെ വികസനത്തിന് തൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ വളരെ വലുതാണ് എന്നാണ് ഇതു കാണിക്കുന്നത്. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ പദ്ധതി വിഹിതത്തേക്കാൾ വലിയൊരു തുകയാണ് തൊഴിലുറപ്പ് പദ്ധതിയിലൂടെ വികസനപ്രവർത്തനങ്ങൾക്കായി സമാഹരിക്കാൻ സാധിക്കുന്നത്. എന്നാൽ ആ നിലയ്ക്കുള്ള ഗൗരവപൂർണ്ണമായ ഒരു സമീപനം തൊഴിലുറപ്പുപദ്ധതിയുടെ കാര്യത്തിൽ ഉണ്ടാകുന്നുണ്ടോ എന്നത് സംശയകരമാണ്. കേവലം ഒരു തൊഴിൽദാന പരിപാടിയെന്ന നിലയിൽ മാത്രമാണ് ഭൂരിഭാഗം പഞ്ചായത്തുകളും ഇതിനെ കാണുന്നത്. അതിനുമപ്പുറം തങ്ങളുടെ പഞ്ചായത്ത് പ്രദേശത്തെ നിരവധി വികസന – പാരിസ്ഥിതികപ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകുന്ന ഒരു പദ്ധതിയെന്ന നിലയിൽ തൊഴിലുറപ്പുപദ്ധതിയെ സമീപിക്കാനാകണം.

## കേരളത്തിലെ പ്രതിസന്ധികൾ

ഭൂമിശാസ്ത്രപരവും സാമൂഹികവുമായ കേരളത്തിന്റെ സവിശേഷതകൾ, പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും നാം കാണിക്കുന്ന ഉദാസീനത, കേന്ദ്രസർക്കാരിന്റെ തെറ്റായ നയസമീപനങ്ങൾ എന്നിവ മൂലം തൊഴിലുറപ്പുപദ്ധതി നിർവ്വഹണം നമ്മുടെ സംസ്ഥാനത്ത് ഗൗരവതരമായ പ്രതിസന്ധികളെ നേരിടുകയാണ്. അവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ നൽകുന്നു:

a) ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിൽ പൊതുഭൂമി വളരെ കുറവാണ്. വർദ്ധിച്ച ജനസാന്ദ്രതമൂലം ഗ്രാമ–നഗര വ്യത്യാസമില്ലാതെ ജനങ്ങൾ തിങ്ങിപ്പാർക്കുന്നയിടമാണ് കേരളം. അതുകൊണ്ടു തന്നെ ലഭ്യമായ സ്വകാര്യ ഭൂമി ചെറുതുണ്ടുകളായി മാറിക്കഴിഞ്ഞിട്ടുണ്ട്. കൃഷിഭൂമിയുടെ വിസ്തീർണ്ണം അനുദിനം കുറഞ്ഞുവരുന്നു. ജലാശയങ്ങൾ അടക്കം നികത്തി മറ്റു വികസനാവശ്യങ്ങൾ നിറവേറ്റേണ്ടുന്ന സാഹചര്യമാണിവിടെ നിലനിൽക്കുന്നത്. ഭൂമി ഒരു ഉല്പാദന ഉപാധി അല്ലാതായി തീർന്നിട്ടുണ്ട്. വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള ഒരു ചരക്കായി ഭൂമി മാറുകയുണ്ടായി. കേന്ദ്ര മാർഗനിർദ്ദേശപ്രകാരം തൊഴിലുറപ്പുപദ്ധതിയിൽ ആവർത്തനസ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ല. ഉല്പാദനക്ഷമവും സ്ഥായിയായി നിലനിൽക്കുന്നതുമായ ആസ്തി നിർമ്മാണ പ്രവൃത്തികൾ മാത്രമേ ഏറ്റെടുക്കുവാൻ പാടുള്ളൂ. ഇക്കാര്യം കർശനമായി പാലിക്കേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ നിലവിൽ ഏറ്റെടുത്തു ചെയ്തു വരുന്ന പല പ്രവൃത്തികളും ഏറ്റെടുക്കാൻ നിയമപരമായി സാധിക്കില്ല. കേരളത്തിലെ ഭൂമിയുടെ ലഭ്യതക്കുറവ് മൂലം അനുവദനീയമായ പ്രവൃത്തികൾ കണ്ടെത്തുക എന്നത് വലിയ ഒരു വെല്ലുവിളിയാണ്. ഓരോ ഗ്രാമപഞ്ചായത്തിലും ശരാശരി 2000 ത്തിലേറെ തൊഴിലാളികൾ ഓരോ വർഷവും തൊഴിൽ ആവശ്യപ്പെടാറുണ്ട്. ഇവർക്കെല്ലാം ആവശ്യപ്പെടുന്ന മുറയ്ക്ക് നിയമപ്രകാരം അനുവദനീയമായ പ്രവൃത്തികൾ കണ്ടെത്തി തൊഴിൽ നൽകുക എന്നത് ഗ്രാമപഞ്ചായത്തുകൾക്ക് മുന്നിൽ വലിയ ഒരു പ്രതിസന്ധിയായി രൂപപ്പെട്ടു വന്നിട്ടുണ്ട്.

b) തൊഴിലുറപ്പുപദ്ധതിയിൽ വാർഷിക കർമ്മപദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കേണ്ടത് താഴേത്തലംവരെയെത്തുന്ന വിപുലമായ പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെയാണ്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ADS, തൊഴിലാളികളുടെ ഗ്രാമസഭ, പൊതു ഗ്രാമസഭ, ജനപ്രതിനിധികൾ, വിദഗ്ധർ എന്നിവയുടെയൊക്കെ സജീവ പങ്കാളിത്തം പ്രവൃത്തികൾ കണ്ടെത്തുന്നതിൽ ഉണ്ടാകണം. എന്നാൽ പങ്കാളിത്ത ആസുത്രണ പ്രക്രിയയൊക്കെ കടലാസ്സിൽ മാത്രമായി ഒതുങ്ങുകയും ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയി

ലെ കരാർജീവനക്കാരുടെ മാത്രം ഉത്തരവാദിത്തത്തിൽ നടക്കുന്ന ഒരേർപ്പാടായി തൊഴിലുറപ്പ് പദ്ധതി ആസൂത്രണം മാറുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ ജനപ്രതിനിധികളോ കൈമാറ്റം ചെയ്യപ്പെട്ട വകുപ്പുകളിലെ സാങ്കേതിക ഉദ്യോഗസ്ഥരോ തൊഴിലുറപ്പുപദ്ധതിയുടെ ആസൂത്രണ പ്രക്രിയയിൽ കാര്യമായി ഇടപെടാത്ത സ്ഥിതിയാണ് പൊതുവിൽ കാണപ്പെടുന്നത്. പഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കമ്മിറ്റികളിലോ വർക്കിങ് ഗ്രൂപ്പുകളിലോ തൊഴിലുറപ്പുപദ്ധതി നിർവ്വഹണം ഗൗരവാവഹമായി ചർച്ചചെയ്യപ്പെടുന്നില്ല എന്നതാണ് അനുഭവം. അതുകൊണ്ടു തന്നെ തൊഴിലുറപ്പുപദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം വല്ലാതെ ഇടിഞ്ഞിട്ടുണ്ട്. പ്രദേശത്തിന്റെ സവിശേഷതകൾ കൃത്യമായി കണക്കിലെടുത്ത് ശാസ്ത്രീയമായ മണ്ണ്–ജലസംരക്ഷണത്തിനും കാർഷിക–അനുബന്ധ മേഖലകളിൽ ഉല്പാദന വർധനവിനും സഹായകരമായ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനു പകരം സ്വകാര്യവ്യക്തികളുടെ പറമ്പിൽ ആവർത്തനസ്വഭാവമുള്ള പാഴ്പ്രവൃത്തികൾ ഏറ്റെടുക്കുന്ന പ്രവണത വളരെയേറെ വ്യാപകമായിട്ടുണ്ട്. മാത്രവുമല്ല, പഞ്ചായത്തിന്റെ പദ്ധതി വിഹിതവുമായോ വിവിധ വകുപ്പുകളുടെ പദ്ധതികളുമായോ യാതൊരു ബന്ധവുമില്ലാതെയും സംയോജന സാധ്യതകൾ ഒട്ടുംതന്നെ പ്രയോജനപ്പെടുത്താതെയും തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം സമാന്തരമായി നടന്നു പോകുന്ന അവസ്ഥയുമാണുള്ളത്.

c) തൊഴിലുറപ്പുപദ്ധതിയിൽ പ്രകൃതിവിഭവ പരിപാലന പ്രവൃത്തികൾ സമഗ്ര നീർത്തട പ്ലാനുകളുടെ അടിസ്ഥാനത്തിൽ നീർത്തടത്തിന്റെ ഉയർന്ന പ്രദേശത്തിൽനിന്ന് താഴേക്ക് എന്ന സമീപനത്തിൽ മാത്രമേ ഏറ്റെടുക്കുവാൻ പാടുള്ളൂ. നീർത്തടത്തിന്റെ സവിശേഷതകൾ സമഗ്രമായും ശാസ്ത്രീയമായും പരിശോധിക്കാതെ ഒറ്റയൊറ്റയായി മണ്ണ്–ജല സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നതാകും. ജനകീയാസൂത്രണത്തിന്റെ തുടക്കകാലം മുതൽ നീർത്തട പദ്ധതികൾക്ക് രൂപംകൊടുക്കുവാൻ നിരവധി ശ്രമങ്ങൾ നടന്നിട്ടുണ്ട്. എങ്കിലും അവയൊക്കെ ഫലപ്രാപ്തിയിൽ എത്തിയോ എന്നത് സംശയകരമാണ്. തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിനു വേണ്ടിതന്നെ മിക്കവാറും എല്ലാ പഞ്ചായത്തുകളിലും നീർത്തട മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയെങ്കിലും ഭൂരിഭാഗം പഞ്ചായത്തുകളിലും അവയുടെ ശരിയായ രീതിയിലുള്ള നിർവ്വഹണ ഘട്ടത്തിലേക്ക് കടക്കുകയുണ്ടായില്ല എന്നതാണ് വസ്തുത. നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ അനന്തമായ സാധ്യതകളാണുള്ളത്. പ്രകൃതി വിഭവപരിപാലനത്തിനായി ഏറെക്കുറെ എല്ലാ പ്രവൃത്തികളും കേന്ദ്ര മാർഗനിർദ്ദേശപ്രകാരം തന്നെ അനുവദനീയമാണ്. അവ

യ്ക്കാവശ്യമായി വരുന്ന ഫണ്ടിന്റെ ലഭ്യതയും ഉറപ്പാണ്. നീർത്തടത്തിന്റെ സവിശേഷതകൾ സമഗ്രമായി വിലയിരുത്തി ശാസ്ത്രീയമായ ഇടപെടലുകൾ കണ്ടെത്തുക എന്നതാണ് വെല്ലുവിളി. തൊഴിലുറപ്പു പദ്ധതിയിൽ ബ്ലോക്ക് – ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ജോലിചെയ്യുന്ന മിക്കവാറും എല്ലാ സാങ്കേതിക ജീവനക്കാരും സിവിൽ എൻജിനിയറിങ് കോഴ്സ് പഠിച്ചിട്ടുള്ളവരാണ്. നീർത്തട വികസനപ്രവർത്തനങ്ങളിൽ അവരുടെ പരിജ്ഞാനം തുലോം പരിമിതമാണ്. നീർത്തടാധിഷ്ഠിതമായി പ്രവൃത്തികൾ കണ്ടെത്തുന്നതിനും നിർവ്വഹണം നടത്തുന്നതിനും ആവശ്യമായ വൈദഗ്ദ്ധ്യം താഴേത്തലങ്ങളിൽ ലഭ്യമല്ല എന്നത് ഒരു വലിയ ന്യൂനതയാണ്.

d) തൊഴിലുറപ്പുപദ്ധതിയിൽ വലിയതോതിൽ ആസ്തി നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തുവരുന്നുണ്ട്. ഈ പ്രവൃത്തികൾ ചെയ്യുന്നതിന് സാധന സാമഗ്രികളും വിദഗ്ദ്ധ തൊഴിലാളികളുടെ സേവനവും യഥാസമയം ലഭ്യമാക്കേണ്ടത് ആവശ്യമാണ്. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും മെറ്റീരിയൽ ഫണ്ട് ലഭിക്കുന്നതിൽ വലിയ തോതിലുള്ള കാലതാമസം ഉണ്ടാകുന്നുണ്ട്. ഇതുമൂലം മെറ്റീരിയൽ വിതരണം ചെയ്യുന്ന വെണ്ടർമാർക്കും വിദഗ്ദ്ധ തൊഴിലാളികൾക്കും തുക നൽകാൻ വൈകുകയും അതിനെത്തുടർന്ന് മെറ്റീരിയൽ നൽകുന്നതിൽ നിന്നും വെണ്ടർമാരും ജോലി ചെയ്യുന്നതിൽ നിന്നും വിദഗ്ദ്ധ തൊഴിലാളികളും പിൻവാങ്ങുന്ന സാഹചര്യം ഉണ്ടായിവന്നിട്ടുണ്ട്. കൂടാതെ കേരളത്തിൽ വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യം വളരെയേറെ അനുഭവപ്പെടുന്നുമുണ്ട്. ഈ സാഹചര്യം മുതലെടുത്ത് ആസ്തി വികസനപ്രവർത്തനങ്ങളിൽ നിയമവിരുദ്ധമായി കരാറുകൾ കടന്നു കയറുകയും അതിഥിത്തൊഴിലാളികളെ ഉപയോഗിച്ച് ആസ്തി നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന പ്രവണത വ്യാപകമായിത്തീർന്നിട്ടുണ്ട്. പൂർണ്ണമായും അഴിമതിരഹിതവും സുതാര്യവുമായി നടപ്പിലാക്കേണ്ട തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം വൻതോതിലുള്ള അഴിമതിയിലേക്ക് കൂപ്പുകുത്തുന്ന സാഹചര്യമാണ് പല പഞ്ചായത്തുകളിലും ഇതുമൂലം ഉണ്ടായിവന്നിട്ടുള്ളത്.

e) തൊഴിലുറപ്പുപ്രവൃത്തികളുടെ ഫീൽഡുതല നിർവ്വഹണത്തിൽ വലിയതോതിലുള്ള അരാജക പ്രവണതകൾ ദൃശ്യമാണ്. മേറ്റുമാർ രണ്ടാഴ്ച കൂടുമ്പോൾ റൊട്ടേറ്റ് ചെയ്യണമെന്ന വ്യവസ്ഥ ശരിയായി പാലിക്കപ്പെടുന്നില്ല. അതുകൊണ്ടു തന്നെ ഒരാൾ തന്നെ സ്ഥിരമായി മേറ്റ് ആയി വരികയും അത് പലവിധ സ്ഥാപിതതാല്പര്യങ്ങൾക്കും തെറ്റായ പ്രവണതകൾക്കും കാരണമാകുകയും ചെയ്യുന്നു. തൊഴിലാളികൾ നിശ്ചിതസമയത്ത് ജോലിക്ക് എത്താതിരിക്കുക, വൈകിട്ട് നേരത്തേ ജോലി നിർത്തിപ്പോകുക, പണിക്ക് വരാത്ത ആളുകളുടെ ഹാജർ രേഖപ്പെടുത്തി വേതനം നൽകുക, ജോലിസമയത്ത് മറ്റ്

പല പ്രവർത്തനങ്ങൾക്കും സമ്മേളനങ്ങൾക്കും തൊഴിലാളികൾ കൂട്ടമായി പോകുക, പ്രവൃത്തിസ്ഥലത്ത് ഹാജരുണ്ടായാലും ജോലി കാര്യമായി ചെയ്യാതിരിക്കുക തുടങ്ങി പല തെറ്റായ പ്രവണതകളും ദൃശ്യമാണ്. ഇതിനോടൊപ്പം ജോലിക്കെത്തുന്നവരിൽ നല്ലൊരു ശതമാനം വൃദ്ധരായ സ്ത്രീകൾ ആണെന്നത് കൂടിയാകുമ്പോൾ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടക്കാതെ പോകുന്നു. തൊഴിലാളികൾ എസ്റ്റിമേറ്റിൽ പരാമർശിക്കുന്ന പ്രകാരമുള്ള അളവിലും ഗുണത്തിലും പ്രവൃത്തി ചെയ്യുന്നുണ്ടോയെന്ന പരിശോധന കാര്യമായി നടക്കുന്നില്ല. അതുകൊണ്ടുതന്നെ, ചെയ്യുന്ന പ്രവൃത്തിയുടെ അളവുകൾ കൃത്യമായി എടുക്കാതെ തൊഴിലാളികൾക്ക് ഹാജരിന്റെ മാത്രം അടിസ്ഥാനത്തിൽ വേതനം നൽകുന്ന സമ്പ്രദായം വ്യാപകമായിട്ടുണ്ട്. യഥാർത്ഥത്തിലുള്ള അളവുകൾ എടുത്ത് രേഖപ്പെടുത്തിയാൽ തൊഴിലാളികൾക്ക് ഇപ്പോൾ ലഭ്യമാകുന്ന ദിവസവേതനം പോലും ലഭിക്കാത്ത സാഹചര്യം ഉണ്ടാകും. ഇത് തൊഴിലാളികൾക്കിടയിലും ജനപ്രതിനിധികൾക്കിടയിലും അസ്വാരസ്യത്തിന് കാരണമാകുകയും അളവുകൾ രേഖപ്പെടുത്തിയ സാങ്കേതിക ജീവനക്കാരൻ പഞ്ചായത്തിന്റെ അപ്രീതിക്ക് പാത്രമാകുകയും ചെയ്യും. പഞ്ചായത്തുകൾ നിയമിക്കുന്ന കരാർ ജീവനക്കാരെന്ന നിലയിൽ ഇത്തരമൊരു സാഹചര്യം അവരുടെ ജോലിയുടെ നിലനില്പിനെത്തന്നെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ കരാർ ജീവനക്കാർ അളവുകൾ രേഖപ്പെടുത്തുന്നതിൽ വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുന്ന സാഹചര്യമാണ് പൊതുവേ കണ്ടുവരുന്നത്. എന്നാൽ ഇപ്പോൾ കേന്ദ്ര സർക്കാർ അളവുകളുടെ അടിസ്ഥാനത്തിൽ മാത്രം വേതനം കൊടുത്താൽ മതിയെന്ന കർശന നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതിനാൽ സോഷ്യൽ ആഡിറ്റിന്റെ ഭാഗമായി പ്രവൃത്തികളുടെ അളവ് പരിശോധിച്ചു തുടങ്ങിയിട്ടുണ്ട്. സോഷ്യൽ ആഡിറ്റ് വഴി ചെയ്ത പ്രവൃത്തിയുടെ അളവിൽ കുറവ് കണ്ടെത്തുകയാണെങ്കിൽ അത് വലിയ സാമ്പത്തികബാധ്യത കരാർ ജീവനക്കാരുടെ മേൽ ചുമത്തപ്പെടാൻ ഇടയാക്കുകയും പദ്ധതി പ്രവർത്തനങ്ങളെ പ്രതിസന്ധിയിലേക്ക് നീക്കുകയും ചെയ്യും.

f) തൊഴിലാളികൾക്കിടയിൽ നിയമത്തെക്കുറിച്ചും തങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ചുമുള്ള അവബോധം വളരെ കുറവാണ്. തൊഴിലുറപ്പുപദ്ധതിയിൽ ജോലി ലഭിക്കുന്നത് മേറ്റിന്റെയും വാർഡിലെ ജനപ്രതിനിധിയുടെയും ഔദാര്യംകൊണ്ടാണെന്ന് പലപ്പോഴും കരുതപ്പെടുന്നുണ്ട്. തങ്ങൾക്ക് ഇഷ്ടപ്പെടാത്തതിന്റെയും രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങളുടെ പേരിലും തൊഴിലാളികളെ ജോലിയിൽനിന്നും മാറ്റിനിർത്തുന്ന പ്രവണതയും മേറ്റുമാരുടെയും ജനപ്രതിനിധികളുടെയും ഭാഗത്തുനിന്ന് കണ്ടുവരുന്നു. പല ഗ്രാമപഞ്ചായത്തുകളിലും

തൊഴിൽ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകിയാൽ കൈപ്പറ്റ രസീത് നൽകാത്ത അവസ്ഥയും ഉണ്ട്. തൊഴിലിന് അപേക്ഷ നൽകിയാൽ നിർബന്ധമായും കൈപ്പറ്റ് രസീത് വാങ്ങണമെന്നും 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലായെങ്കിൽ തൊഴിലില്ലായ്മാ വേതനത്തിന് ആവശ്യമുന്നയിക്കാമെന്നുമുള്ള ബോധ്യം തൊഴിലാളികൾക്കിടയിൽ ഉണ്ടാകാത്തതാണ് ഇതിനു കാരണം.

9) വാർഡുതലത്തിലെ വിജിലൻസ് ആന്റ് മോണിറ്ററിങ് കമ്മിറ്റികളുടെ പ്രവർത്തനം ഫലപ്രദമല്ല. പലയിടങ്ങളിലും വർഷങ്ങൾക്ക് മുമ്പ് രൂപീകരിച്ച കമ്മിറ്റികൾ കടലാസ്സിൽ മാത്രം പ്രവർത്തിക്കുന്ന അവസ്ഥയാണുള്ളത്. കൂടാതെ പദ്ധതിയുടെ സോഷ്യൽ ആഡിറ്റ് പ്രക്രിയയും ഫലപ്രദമല്ല. സോഷ്യൽ ആഡിറ്റ് ഗ്രാമസഭകളിലെ പൊതുജനപങ്കാളിത്തം വളരെ ശുഷ്കമാണ്. സോഷ്യൽ ആഡിറ്റ് യൂണിറ്റിന് പ്രവർത്തിക്കാനാവശ്യമായ ഫണ്ട് കേന്ദ്രസർക്കാർ ലഭ്യമാക്കാത്തതും ആഡിറ്റ് പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

## കേരളത്തിലെ സാധ്യതകൾ

സംസ്ഥാനത്തിന്റെ വികസനത്തിന് ഏറ്റവും ക്രിയാത്മകമായി പ്രയോജനപ്പെടുത്താൻ കഴിയുന്ന പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി. പദ്ധതി തുകയിൽ ഭൂരിഭാഗവും ലഭിക്കുന്നത് കേന്ദ്രസർക്കാരിൽ നിന്നാണ് കിട്ടുന്നത്. അവിദഗ്ധ വേതനവും ഭരണച്ചെലവും പൂർണ്ണമായും വഹിക്കുന്നത് കേന്ദ്രസർക്കാരാണ്. മെറ്റീരിയൽ ഘടകത്തിന്റെ75% കേന്ദ്രവും 25% സംസ്ഥാനവും വഹിക്കുന്നു.

ഭൂമിശാസ്ത്രപരവും കാലാവസ്ഥാപരവുമായ സവിശേഷതകൾ കൊണ്ടും ഉയർന്ന ജനസാന്ദ്രതകൊണ്ടും തീവ്രമായ പരിസ്ഥിതി വെല്ലുവിളികൾ നേരിടുന്ന ഒരു സംസ്ഥാനമാണ് കേരളം. പശ്ചിമഘട്ടം മുതൽ അറബിക്കടൽ വരെ കുത്തനെ ചരിഞ്ഞു കിടക്കുന്ന ഭൂപ്രകൃതിയും മൺസൂൺ കാലങ്ങളിൽ പലപ്പോഴും സംഭവിക്കുന്ന അതിതീവ്ര മഴയും ചേർന്ന് പ്രളയം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ ദുരന്തങ്ങൾ ആവർത്തിച്ചുണ്ടാകുന്ന അപകടകരമായ സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. എന്നാൽ എത്ര അളവിൽ മഴ ലഭിച്ചാലും വേനൽകാലത്ത് മിക്ക പ്രദേശങ്ങളും രൂക്ഷമായ വരൾച്ചയുടെ പിടിയിലകപ്പെടുന്നതും പതിവാണ്. നമ്മുടെ പ്രധാന നദികൾപോലും വേനൽക്കാലത്ത് ശുഷ്കിച്ചു പോകുന്നു. വർഷകാലത്ത് ലഭിക്കുന്ന മഴവെള്ളത്തെ വേനൽകാലത്തും ഉപയോഗിക്കാൻ തക്കവിധം ഭൂഗർഭജലമായും ഉപരിതല ജലസ്രോതസ്സുകളിൽ സംഭരിക്കാനും അധികജലത്തെ സുരക്ഷിതമായി ഒഴുക്കിക്കളയാനും പറ്റുന്ന തരത്തിലുള്ള സമഗ്ര ജലമാനേജ്മെന്റ് നമുക്ക് അനിവാര്യമാണ്. ഓരോ ഇഞ്ച് ഭൂമിയിലും വീഴുന്ന മഴവെള്ളത്തെയും അവിടുത്തെ മണ്ണിനെ

യും ജൈവസമ്പത്തിനെയും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുക യും ചെയ്യുന്ന നെറ്റ് പ്ലാനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സാങ്കേതിക സഹായത്തോ ടെ തയ്യാറാക്കപ്പെടണം. ഓരോ ചെറു നീർത്തടങ്ങളും കേന്ദ്രീകരി ച്ച് ഇത്തരം നീർത്തട പ്ലാനുകൾ അടിയന്തിരമായി തയ്യാറാക്കണം. നീർത്തട പ്രദേശത്തെ വിവിധ വിഭാഗത്തിൽപ്പെട്ട ജനങ്ങൾ, ജന പ്രതിനിധികൾ, സാങ്കേതികവിദഗ്ധർ എന്നിവരുടെ സജീവ പങ്കാ ളിത്തത്തോടെയാണ് ഇതു നടക്കേണ്ടത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു മിഷനും ഹരിത കേരള മിഷനും സംയുക്തമാ യി ആരംഭിച്ചിട്ടുള്ള 'നീരുറവ്' പദ്ധതി ഇതിനുവേണ്ടിയുള്ള മികച്ച ഒരു തുടക്കമാണ്. 'നീരുറവ്' പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ ചെയ്ത നീർത്തടങ്ങളിൽ ആവർത്തനസ്വഭാവമുള്ള പാഴ് പ്രവൃത്തികൾക്ക് പകരമായി ഉല്പാദനക്ഷമമായ നിരവധി പ്രവൃത്തികൾ കണ്ടെത്താ നായിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. എന്നാൽ നീരുറവ് മാതൃകയി ലുള്ള സമഗ്ര നീർത്തടപദ്ധതി വിജയിക്കണമെങ്കിൽ ചുവടെ പറയു ന്ന കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതുണ്ട്:

a) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ, പ്രത്യേകിച്ച് ഗ്രാമപഞ്ചാ യത്തുകളുടെ സജീവ നേതൃത്വം. ഗ്രാമപഞ്ചായത്ത് പ്രസിഡന്റി ന്റെ നേതൃത്വത്തിൽ മുഴുവൻ ജനപ്രതിനിധികളുടെയും സഹകര ണം ഉറപ്പാക്കി മാത്രമേ പദ്ധതി വിജയിപ്പിക്കാൻ സാധിക്കൂ.
b) സാങ്കേതികവിദഗ്ധരുടെ പങ്കാളിത്തം. ഓരോ നീർത്തടത്തിലും ആ പ്രദേശത്തിന്റെ സവിശേഷതകൾക്ക് അനുയോജ്യമായ മണ്ണ് ജലസംരക്ഷണ പ്രവൃത്തി ഏതാണെന്ന് ശാസ്ത്രീയമായി കണ്ടെ ത്തേണ്ടതുണ്ട്. ഇതിന് ആ മേഖലയിൽ വൈദഗ്ധ്യം ഉള്ളവരു ടെ സേവനം അത്യന്താപേക്ഷിതമാണ്. ഹരിത കേരള മിഷൻ വിവിധ തലങ്ങളിൽ രൂപംകൊടുത്തിട്ടുള്ള സാങ്കേതിക സമിതി കളെ ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനു പുറമേ സന്നദ്ധ പ്രവർത്തനമെന്ന നിലയിൽ ഓരോ ഗ്രാമപ ഞ്ചായത്തിലും വിവിധ വകുപ്പുകളിൽനിന്ന് വിരമിച്ച സാങ്കേതിക ഉദ്യോഗസ്ഥരുടെ അടക്കം പ്രാദേശികമായി ലഭ്യമാകുന്ന വൈ ദഗ്ധ്യം വലിയതോതിൽ പ്രയോജനപ്പെടുത്താൻ സാധിക്കണം.
c) പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വലിയ അളവിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനായി ജലസംര ക്ഷണത്തിന്റെ പ്രാധാന്യം വെളിവാക്കുന്ന തരത്തിലുള്ള വലിയ ക്യാംപയിൻ സംഘടിപ്പിക്കണം. ക്യാംപയിന്റെ ഭാഗമായി വിവിധ തരത്തിലുള്ള ബഹുജന വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പി ക്കേണ്ടതായി വരും. നവ സാങ്കേതികവിദ്യയുടെ സഹായത്തോ ടെയുള്ള ഓൺലൈൻ പ്രചാരണ പ്രവർത്തനങ്ങളും അത്യാവശ്യ

മാണ്.

d) ആസൂത്രണ നിർവഹണ പ്രക്രിയയിൽ വിവിധ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. സമഗ്ര നീർത്തട പ്ലാനിന്റെ ഭാഗമായി കണ്ടെത്തുന്ന പ്രവൃത്തികളിൽ തൊഴിലുറപ്പുപദ്ധതിയിൽ ഏറ്റെടുക്കാൻ സാധിക്കാത്തവ മറ്റു വകുപ്പുകളുടെയോ പഞ്ചായത്തിന്റെയോ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ സാധിക്കണം. തൊഴിലുറപ്പുപദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുമായുള്ള സംയോജന സാധ്യതകളും പ്രയോജനപ്പെടുത്തണം.

e) സംയോജന സാധ്യതകൾ പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു സമഗ്ര വികസന പദ്ധതി രൂപീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ വികസന ഫണ്ട്, കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള വകുപ്പുകളുടെ ഫണ്ട്, പഞ്ചായത്തിന്റെ തനത് ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, ബാങ്കു വായ്പ, ഗുണഭോക്തൃവിഹിതം എന്നിവ ഉൾപ്പെടുന്ന ഒരു സമഗ്ര പദ്ധതിയാണ് രൂപീകരിക്കേണ്ടത്. ഇപ്രകാരം രൂപപ്പെടുന്ന സമഗ്ര വികസനപദ്ധതിയുടെ ഒരു അനിവാര്യ ഘടകമായി വേണം തൊഴിലുറപ്പുപദ്ധതിയുടെ വാർഷിക കർമ്മപദ്ധതി രൂപപ്പെടുത്തേണ്ടത്.

f) തൊഴിലുറപ്പുപദ്ധതിയുടെ ആസൂത്രണ പ്രക്രിയയിൽ വിദഗ്ധരുടെയും വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും സംയോജന സാധ്യതകൾ പരിശോധിക്കുന്നതിനും ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു വർക്കിങ് ഗ്രൂപ്പ് രൂപീകരിക്കണം. ഈ വർക്കിങ് ഗ്രൂപ്പിൽ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ജലസംരക്ഷണം, പരിസ്ഥിതി, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തണം.

g) തൊഴിലുറപ്പുപദ്ധതി രൂപീകരണത്തിൽ വികസന സ്റ്റാന്റിങ് കമ്മിറ്റിയുടെ പങ്ക് ഉറപ്പു വരുത്തണം. തൊഴിലുറപ്പു പദ്ധതിയുടെ വാർഷിക കർമ്മപദ്ധതി ഗ്രാമപഞ്ചായത്ത് വികസന സ്റ്റാന്റിങ് കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചാകണം ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടത്. ഗ്രാമപഞ്ചായത്തിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും നേതൃത്വത്തിൽ നടപ്പിലാക്കുന്ന വികസന പദ്ധതികളും തൊഴിലുറപ്പുപദ്ധതിയുമായുള്ള സംയോജനം ഉറപ്പുവരുത്താൻ വികസന സ്റ്റാന്റിങ് കമ്മിറ്റിയുടെ പരിശോധന സഹായകരമാകണം.

തൊഴിലുറപ്പുപദ്ധതിയിൽ ആസ്തി വികസന പ്രവൃത്തികൾ ഏറ്റെടുക്കണമെങ്കിൽ സാധന സാമഗ്രികളുടെയും വിദഗ്ധ തൊഴിലാളികളുടെയും തടസ്സം കൂടാതെയുള്ള ലഭ്യത ഉറപ്പു വരുത്തണം. മെറ്റീരിയൽ ഫണ്ട് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നത് വൈകുന്ന സാഹചര്യത്തിൽ ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടോ തനതു ഫണ്ടോ

മുൻകൂറായി നൽകാൻ വ്യവസ്ഥയുണ്ടാകണം. കരാറുകാരുടെയും ഇട നിലക്കാരുടെയും അനധികൃത കടന്നുകയറ്റം തടയുന്നതിനായി കു ടുംബശ്രീ CDS ന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ആക്ടിവിറ്റി ഗ്രൂപ്പുവഴി ആവശ്യമായ സാധന സാമഗ്രികൾ വിതരണം ചെയ്യുന്ന തിനുള്ള സംവിധാനം രൂപപ്പെടുത്തണം. വിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി തൊഴിലുറപ്പ് തൊഴിലാളിക ളിൽനിന്നും കഴിവും താല്പര്യവുമുള്ളവരെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകി വിദഗ്ധ തൊഴിലാളികളാക്കി മാറ്റാവുന്നതാണ്. ഇതിനായി സംസ്ഥാന മിഷൻ കിലയുമായി ചേർന്ന് ആവിഷ്കരി ച്ചിട്ടുള്ള 'മികവ്' പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫലപ്രദമാ യി നടത്തുവാൻ നടപടി സ്വീകരിക്കണം. ഇപ്രകാരം പരിശീലനം ലഭിച്ച വിദഗ്ധ തൊഴിലാളികളെ ഉൾപ്പെടുത്തി ലേബർബാങ്ക് രൂപീ കരിക്കുകയും അവർക്കാവശ്യമായ റിവോൾവിങ് ഫണ്ട് പഞ്ചായ ത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നോ കുടുംബശ്രീയിൽ നിന്നോ ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ എസ്റ്റിമേറ്റ് പ്രകാരം ഗുണനിലവാരം ഉറപ്പു വരുത്തി ചെയ്യേണ്ടത് അത്യാവശ്യമാണ്. ചെയ്ത പ്രവൃത്തിയുടെ അളവുകൾ കൃത്യമായി എടുത്ത് രേഖപ്പെടുത്തി മാത്രമേ വേതനം നൽകാൻ പാടുള്ളൂ. ഇതിന്റെ അനിവാര്യത സം ബന്ധിച്ച് തൊഴിലാളികൾ, മേറ്റുമാർ, തൊഴിലാളി സംഘടനകൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെയിടയിൽ ശരിയായ ബോധവൽകരണം നടത്തേണ്ടത് അനിവാര്യമാണ്. കേന്ദ്ര സർ ക്കാർ നിർദ്ദേശപ്രകാരം മേറ്റിന് അർദ്ധ വിദഗ്ധ തൊഴിലാളിയുടെ വേതനം നൽകി, ആവശ്യമായ പരിശീലനം ലഭ്യമാക്കി, അളവെടു ക്കുന്നതിന് ചുമതലപ്പെടുത്തുന്ന സമ്പ്രദായം അടിയന്തിരമായി നട പ്പിലാക്കണം. പദ്ധതിയിലെ തൊഴിലാളികളിൽ നല്ലൊരു ശതമാനം പ്രായമേറിയ സ്ത്രീകളും മറ്റു തരത്തിലുള്ള അവശത അനുഭവിക്കുന്നവ രുമാണെന്ന വസ്തുത കൂടി കണക്കിലെടുത്ത് ടൈം ആന്റ് മോഷൻ സ്റ്റഡിയിലൂടെ നിലവിൽ രൂപപ്പെടുത്തിയിട്ടുള്ള ഡേറ്റായിൽ എന്തെ ങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ എന്നതുകൂടി സർക്കാർ തലത്തിൽ പരിശോധിക്കണം.

രാഷ്ട്രീയവും വ്യക്തിപരവുമായ കാരണങ്ങളാൽ തൊഴിൽ നിഷേ ധിക്കപ്പെടുന്നതായി നിരവധി പരാതികൾ ലഭിക്കുന്ന സാഹചര്യ ത്തിൽ തൊഴിലാളികളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്നില്ലായെ ന്ന് ഉറപ്പുവരുത്താൻ ഫീൽഡുതലത്തിൽ കൂടുതലായി ഇടപെടലുകൾ ആവശ്യമാണ്. തൊഴിലുറപ്പു നിയമപ്രകാരം ഉറപ്പു നൽകപ്പെട്ടിട്ടുള്ള അവകാശങ്ങൾ സംബന്ധിച്ച വിപുലവും ഫലപ്രദവുമായ ബോധവൽ കരണം തൊഴിലാളികൾക്കിടയിൽ നടത്തണം. തൊഴിൽ ആവശ്യ

പ്പെടുമ്പോൾ കൈപ്പറ്റ് രസീത് നൽകുന്നു എന്ന് പൂർണ്ണമായും ഉറപ്പുവരുത്തണം. പരാതി പരിഹാര സംവിധാനങ്ങൾ ഗ്രാമ–ബ്ലോക്ക് തലങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നുറപ്പാക്കണം. ഇതിനായി ആവശ്യമെങ്കിൽ ഓൺലൈൻ പ്ലാറ്റ്ഫോം രൂപപ്പെടുത്തണം. വാർഡുതലത്തിലെ വിജിലൻസ് ആന്റ് മോണിറ്ററിങ് സമിതികൾ അടിയന്തിരമായി പുനഃസംഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കണം. സോഷ്യൽ ആഡിറ്റ് സംവിധാനം കൂടുതൽ ശക്തമാക്കുകയും ക്രിയാത്മക ആഡിറ്റിങ്ങിന് പ്രാധാന്യം നൽകുകയും വേണം.

## കേന്ദ്രനിലപാടുകൾ

കേന്ദ്രസർക്കാരിന്റെ തെറ്റായ നയസമീപനങ്ങൾ മൂലം തൊഴിലുറപ്പുപദ്ധതി വലിയ പ്രതിസന്ധികളെ നേരിടുന്ന ഒരു ഘട്ടമാണിത്.

a) തൊഴിലുറപ്പുപദ്ധതിക്കായുള്ള കേന്ദ്ര വിഹിതം വൻതോതിൽ വെട്ടിക്കുറച്ചത് പദ്ധതി നിർവ്വഹണത്തെ ഗുരുതരമായി ബാധിക്കും. കഴിഞ്ഞ സാമ്പത്തിക വർഷം 1.06 ലക്ഷം കോടി രൂപ ചെലവഴിച്ച സ്ഥാനത്ത് ഈ വർഷം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്ന തുക വെറും 73,000 കോടി രൂപ മാത്രമാണ്.

b) ഇന്ത്യയിലെ വിവിധ പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും സംസ്ഥാനങ്ങളുടെ സവിശേഷ സാഹചര്യങ്ങളും പരിഗണിക്കാതെ കേന്ദ്രസർക്കാർ ഏകപക്ഷീയമായ തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കുന്നത് കേരളത്തിലെ പദ്ധതി നിർവ്വഹണത്തിന് വലിയ തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഒരു ഗ്രാമപഞ്ചായത്തിൽ ഒരേസമയം 20ൽ കൂടുതൽ പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ലായെന്ന കേന്ദ്രനിർദ്ദേശം കേരളത്തിന്റെ സവിശേഷതകൾ പരിഗണിക്കുമ്പോൾ അപ്രായോഗികമാണ്. ഇന്ത്യയിലെ ഗ്രാമപഞ്ചായത്തുകളുടെ ശരാശരി ജനസംഖ്യ വെറും 3000 മാത്രമാണെങ്കിൽ കേരളത്തിലത് 30000 നു മുകളിലാണ്. നമ്മുടെ ഒരു വാർഡിനു തുല്യമാണ് മറ്റു പല സംസ്ഥാനങ്ങളിലെയും പഞ്ചായത്തുകൾ. അതുകൊണ്ടുതന്നെ മേല്പറഞ്ഞ നിർദ്ദേശം പാലിച്ച് പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കാതെ വന്നിരിക്കുന്നു. സംസ്ഥാനം ആവർത്തിച്ചാവശ്യപ്പെട്ടിട്ടും മേൽ നിർദ്ദേശം പിൻവലിക്കാൻ കേന്ദ്രം തയ്യാറായിട്ടില്ല.

c) വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ സാങ്കേതികവിദ്യകളെ ഉപയോഗിക്കുന്നതുമൂലം നിരവധി പ്രശ്നങ്ങൾ ഫീൽഡുതലത്തിൽ അനുഭവപ്പെടുന്നു. തൊഴിലാളികളുടെ ഹാജർ മൊബൈൽഫോൺ വഴി രേഖപ്പെടുത്തുന്നതിനുള്ള National Mobile Monitoring System (NMMS) സുതാര്യത ഉറപ്പുവരുത്താൻ സഹായിക്കുന്നതാണ്. എന്നാൽ അതിന്റെ സാങ്കേതികപ്പിഴവുകൾ പൂർണ്ണമായും പരിഹരിക്കാതെ ധൃതിപിടിച്ച് നടപ്പിലാക്കിയത് കാരണം ഫീൽഡിൽ

നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു. പലപ്പോഴും തൊഴിലാളികളുടെ ഹാജർ ശരിയായി രേഖപ്പെടുത്താൻ കഴിയാതെ വരികയും അതുമൂലം ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് പോലും വേതനം നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്.

d) തൊഴിലുറപ്പുപദ്ധതിയുടെ മുഴുവൻ ഫണ്ടും സ്റ്റേറ്റിലെ ഒരു നോഡൽ അക്കൗണ്ടിൽ നിന്നു നൽകുന്നതിനായി കൊണ്ടുവന്ന PFMS സംവിധാനത്തിലെ പിഴവുമൂലം 12000 ത്തിലേറെ വെണ്ടർമാർക്കും വിദഗ്ധ തൊഴിലാളികൾക്കും ലഭിക്കേണ്ട തുക നൽകാൻ കഴിയാത്ത അവസ്ഥയാണ്. 75 കോടി രൂപയാണ് ഇപ്രകാരം നൽകാൻ സാധിക്കാതെയായിട്ടുള്ളത്. തുക ലഭിക്കാൻ ഒന്നര വർഷത്തിലേറെ കാലതാമസം വന്ന സാഹചര്യത്തിൽ പഞ്ചായത്തുകളിലെ ആസ്തി നിർമാണ പ്രവൃത്തികളിൽനിന്ന് വെണ്ടർമാരും വിദഗ്ധ തൊഴിലാളികളും പിൻവാങ്ങുന്ന അവസ്ഥയുമുണ്ട്.

e) തൊഴിലുറപ്പ് തൊഴിലാളികൾക്ക് നിലവിൽ കേന്ദ്രസർക്കാർ അനുവദിക്കുന്നത് വളരെ തുച്ഛമായ വേതനമാണ്. ഓരോ സംസ്ഥാനങ്ങളിലേയും കർഷിക മേഖലയിലെ അവിദഗ്ധ തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം നൽകണമെന്ന വർഷങ്ങളായിട്ടുള്ള ആവശ്യം അംഗീകരിക്കാൻ കേന്ദ്രസർക്കാർ തയ്യാറാവുന്നില്ല.

f) തൊഴിലുറപ്പ് പ്രവൃത്തി ചെയ്യുന്നതിന് തൊഴിലാളികൾ കൊണ്ടുവരുന്ന പണിയായുധങ്ങൾക്ക് വാടക നൽകുന്ന സമ്പ്രദായം ഏകപക്ഷീയമായി നിർത്തലാക്കിയ കേന്ദ്രസർക്കാർ സമീപനവും അങ്ങേയറ്റം പ്രതിഷേധാർഹമാണ്.

g) ഓരോ സംസ്ഥാനത്തിന്റെയും സവിശേഷ സാഹചര്യങ്ങൾക്കനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കാൻ അനുമതി ലഭിക്കേണ്ടതുണ്ട്. കേരളത്തിലെ സാഹചര്യത്തിൽ നെൽക്കൃഷി, ഇറിഗേഷൻ കനാലുകൾ, ക്ഷീരവികസനം, മത്സ്യക്കൃഷി തുടങ്ങിയ മേഖലകളിൽ കൂടുതൽ ഇടപെടലുകൾ നടത്തേണ്ടത് ആവശ്യമാണ്. എന്നാൽ ഇതിനായുള്ള സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഒന്നും തന്നെ അനുകൂലമായി പരിഗണിക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല.

## ഉപസംഹാരം

കേന്ദ്രസർക്കാരിന്റെ ഇപ്രകാരമുള്ള തെറ്റായ സമീപനങ്ങൾ സംബന്ധിച്ച് ആവശ്യമായ ബോധവൽകരണം നടത്തി ബഹുജനങ്ങളെ അണിനിരത്തി തൊഴിലുറപ്പുപദ്ധതിയെ തകർക്കാനുള്ള കേന്ദ്ര സർക്കാർ നീക്കങ്ങളെ ചെറുത്തു തോല്പിക്കേണ്ടതുണ്ട്. അതോടൊപ്പം തൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി ഓരോ പ്രദേശത്തിന്റെയും സമഗ്ര വികസനം ഉറപ്പുവ

രുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ആത്മാർത്ഥമായി ശ്രമിക്കേണ്ടതുമാണ്. തൊഴിലുറപ്പുപദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പാക്കി ജലസംരക്ഷണത്തിലും പ്രാദേശിക വികസനത്തിലുമൊക്കെ മികച്ച മാതൃകകൾ സൃഷ്ടിച്ചുകൊണ്ടാകണം നമ്മുടെ പ്രതിരോധ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകേണ്ടത്.